DESPATCHED
On..29/06/2020

05/03/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561603/2561612, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2206(4)/2016/SIC**
**തീർപ്പുകൽപ്പിച്ചുകൊുള്ള നടപടിക്രമം**
**File No.14219/SIC-Gen 2/2016**

സന്നിഹിതൻ
**ശ്രീ.കെ.വി. സുധാകരൻ, വിവരാവകാശ കമ്മീഷണർ**

ശ്രീ. ബെന്നി പി.എ,
സെക്രട്ടറി,
കേരള ഗവൺമെന്റ്റ് പ്രസ്സ് വർക്കേഴ്സ്
യൂണിയൻ.(എ.ഐ.റ്റി.യു.സി),
ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം – 695 001.

2. അപ്പീൽ അധികാരി &
കൺട്രോളർ ഓഫ് ഫോംസ്,
അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം – 695 001 } എതിർകക്ഷികൾ

## ഉത്തരവ്

ഗവൺമെന്റ്, സെൻട്രൽ പ്രസിലെ എസ്.പി.ഐ.ഒ യ്ക്ക് 06.08.2016 ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ശരിയായ വിവരം ഒന്നാം അപ്പീലിനു ശേഷവും ലഭിച്ചില്ല എന്നതാണ് പരാതി. ടി വകുപ്പിലെ അദർ ഡ്യൂട്ടിനിയമനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾക്കുള്ളതായിരുന്നു അപേക്ഷ.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശ പ്രകാരം 06.01.2017 ൽ ഒന്നും രണ്ടും എതിർകക്ഷികൾ കമ്മീഷന് റിപ്പോർട്ട് നൽകി. വകുപ്പിൽ പ്രവർത്തനക്രമീകരണം എന്ന നിലയിലാണ് സ്ഥലംമാറ്റങ്ങൾ നടത്തിയതെന്നും, അതിനാൽ അപേക്ഷകന് നേരത്തെ നൽകിയ മറുപടി തൃപ്തികരമായതാണെന്നും, അതുകൊണ്ട് ടിയാന്റെ രണ്ടാം അപ്പീൽ തള്ളിക്കളയണമെന്നും ടി റിപ്പോർട്ടിൽ പറഞ്ഞു.

3. ഇതിനുശേഷം കമ്മീഷൻ 19.06.2019 ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

4. വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും, നിയമം അനുശാസിക്കുന്ന വിധത്തിലല്ലെന്നും അപ്പീൽ ഹർജിക്കാരൻ വാദിച്ചു. ഒന്നാം എതിർകക്ഷി നേരത്തെ റിപ്പോർട്ടിൽ പറഞ്ഞിരുന്ന കാര്യം തന്നെ ആവർത്തിച്ചു.

5. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധരേഖകളും കമ്മീഷൻ പരിശോധിച്ചു. ഇതിൽ നിന്ന് അപ്പീൽ ഹർജിക്കാരന്റെ വാദം വസ്തുതാപരവും പ്രസക്തവുമാണെന്ന് കമ്മീഷൻ കരുതുന്നു.

6. ഒന്നാംഎതിർകക്ഷി വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയെങ്കിലും, ഇത് നിയമം അനുശാസിക്കും വിധമല്ല. കാരണം മറുപടിയിൽ ഒന്നാം അപ്പീലിനെ സംബന്ധിച്ച വിവരങ്ങളോ, അപ്പീലധികാരിയുടെ വിലാസമോ രേഖപ്പെടുത്തിയിട്ടില്ല. ഇത് കുറ്റകരമാണ്.

7. ഒന്നാം അപ്പീലധികാരിയുടെ ഉത്തരവിൽ രണ്ടാം അപ്പീൽ സമർപ്പണത്തിനുള്ള കാലാവധി സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ലാത്തതും പിഴവാണ്.

8. ഒന്നാംഎതിർകക്ഷി അപേക്ഷയിലെ നാലാം ചോദ്യത്തിന് (സർക്കാർ അനുമതിയോടെ അദർ ഡ്യൂട്ടി നൽകിയത് ആർക്കെല്ലാം?) ഇല്ല എന്നു മറുപടി പറയുകയും, അഞ്ചാം ചോദ്യത്തിന് (അദർ ഡ്യൂട്ടി) നൽകിയതിനുശേഷം സർക്കാർ അനുമതിക്കായി അയച്ചത് ആർക്കെല്ലാം) ഒരാൾക്ക് എന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അതിനർത്ഥം സർക്കാർ അനുമതിയില്ലാതെ 'അദർ ഡ്യൂട്ടി' നൽകിയിട്ടുണ്ട് എന്നാണ്. ഇത് നേരെ ചൊവ്വേ പറയുന്നതിനു പകരം തികച്ചും സാങ്കേതികത്വത്തിന്റെ കുരുക്കിൽ അപേക്ഷകനെ തളച്ചിടാനാണ് ഇത്തരം മറുപടിയിലൂടെ ഒന്നാം എതിർകക്ഷി ശ്രമിക്കുന്നത്. ഇത് ശരിയായ സമീപനമല്ല.

9. അതുപോലെ ഒന്നാം ചോദ്യത്തിന് 'ചോദ്യം വ്യക്തമല്ലാത്തതിനാൽ മറുപടി നൽകുവാൻ കഴിയുകയില്ല' എന്ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതിന്റെ സാംഗത്യവും കമ്മീഷന് പിടികിട്ടുന്നില്ല. 01.05.2016 നു ശേഷം അച്ചടി വകുപ്പിൽ അനുവദിച്ചിട്ടുള്ള 'അദർ ഡ്യൂട്ടി നിയമനങ്ങളുടെ വിവരം നൽകുക' എന്ന ചോദ്യത്തിൽ എന്തെങ്കിലും അവ്യക്തതയുള്ളതായി ശരാശരി മലയാള ഭാഷ അറിയുന്ന ഒരാൾക്കും തോന്നാനിടയില്ല. ഇതു മനസ്സിലാക്കാൻ കേരള പാണിനി എ.ആർ. രാജരാജവർമ്മയുടെ 'കേരളപാണിനീയ' മോ 'സാഹിത്യസാഹ്യ' മോ ഒന്നും മനസ്സിലാക്കേണ്ട കാര്യവുമില്ല. അതിന്റെ യർത്ഥം, എന്തെങ്കിലും തട്ടാമുട്ടി മറുപടി പറഞ്ഞ് വിവരാവകാശ അപേക്ഷ നൽകുന്നവരെ നിരുത്സാഹപ്പെടുത്തുക എന്ന സമീപനമാണ് ഒന്നാംഎതിർകക്ഷി സ്വീകരിക്കുന്നത് എന്ന് പറയേണ്ടി വരും.

10. ആയതുകൊണ്ട്, ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ അപ്പീൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും പൂർണ്ണമായും സൗജന്യമായി നൽകേണ്ടതും, ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

11. അതോടൊപ്പം വിവരാവകാശ നിയമം പൂർണ്ണമായി പാലിക്കാതെ മറുപടി നൽകിയതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയതും ഒന്നും രണ്ടും എതിർകക്ഷികൾ, ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ച്ചയ്ക്കുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

12. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 05.03.2020 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ശ്രീ. കെ.വി. സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി